പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1134 | 05/03/2020-ൽ മറുപടിക്ക്

## തസ്തിക സൃഷ്ടിക്കൽ നിയന്ത്രിക്കാൻ നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എയ്ഡഡ് സ്കൂൾ മേഖലയിൽ നിയന്ത്രണമില്ലാതെ നടത്തുന്ന നിയമനങ്ങൾ സർക്കാരിന്റെ സാമ്പത്തിക നിലയെ കാര്യമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) കെ.ഇ.ആർ ചട്ടങ്ങൾക്കും, നിലവിലിരിക്കുന്ന വ്യവസ്ഥകൾക്കും, ഉത്തരവുകൾക്കും വിധേയമായി നടത്തുന്ന നിയമനങ്ങൾക്ക് മാത്രമേ ഉത്തരവാദപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ നിയനാംഗീകാരം നല്കുന്നുള്ളൂ. |
| (ബി) എയ്ഡഡ് സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുമ്പോൾ ആവശ്യമായ വിദ്യാർത്ഥികൾ ഉണ്ടോയെന്ന കാര്യം പരിശോധിക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) കുട്ടികളുടെ യു.ഐ.ഡി/ഇ.ഐ.ഡി യുടെ അടിസ്ഥാനത്തിലും യു.ഐ.ഡി/ഇ.ഐ.ഡി ഇല്ലാത്ത കുട്ടികൾക്ക് പ്രധാനദ്ധ്യാപിക സമർപ്പിക്കുന്ന ഡിക്ലറേഷന്റെ അടിസ്ഥാനത്തിലുമാണ് കുട്ടികളുടെ എണ്ണം കണക്കാക്കി തസ്തിക നിർണയം നടത്തിവരുന്നത്. |
| (സി) നിലവിലെ വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം 40:1 ൽ നിന്നും 30:1 ആയി മാറ്റിയിട്ടും ഒരു കുട്ടികൂടി അധികമായാൽ മാനേജർമാർ അദ്ധ്യാപക നിയമനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) നിലവിലിരിക്കുന്ന വിദ്യാർത്ഥി-അധ്യാപക അനുപാതം സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരമാണ് അധ്യാപക നിയമനം നടത്തുന്നത്. |
| (ഡി) എങ്കിൽ അത് നിയന്ത്രിക്കുന്നതിന് എന്ത് നടപടി കൈക്കൊള്ളുവാനാണ് സർക്കാർ ആലോചിക്കുന്നത്? | (ഡി) പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ